**Prot. No. 0918/ 2018**

# സഭാദിനം – ഇടയലേഖനം

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

ഈശോയിൽ ഏറ്റവും സ്നേഹമുള്ള സഹോദരീസഹോദരന്മാരേ,

മാർത്തോമാശ്ലീഹായുടെ ദുക്റാന തിരുനാളിനോടനുബന്ധിച്ച് പതിവുപോലെ ഈ കത്തെഴുതുകയാണ്. ഇപ്രാവശ്യം മൂന്ന് പ്രധാനപ്പെട്ട കാര്യങ്ങൾ നമ്മൾ പരിചിന്തനത്തിനും പ്രാർത്ഥനയ്ക്കും വിഷയമാക്കുന്നത് നല്ലതാണ്. അവ ഓരോന്നായി പ്രതിപാദിച്ചുകൊള്ളട്ടെ.

ഒന്നാമതായി, നമ്മുടെ ശ്രദ്ധ പ്രേഷിതപ്രവർത്തനത്തിലേക്ക് തിരിയേണ്ടിയിരിക്കുന്നു. നമ്മുടെ സഭയ്ക്ക് ഭാരതം മുഴുവനിലും സുവിശേഷവത്ക്കരണത്തിനും അജപാലനത്തിനുമുള്ള അവകാശം പരിശുദ്ധ സിംഹാസനം 2017 ഒക്ടോബർ 9-ാം തീയതി അംഗീകരിച്ച് തന്നതിനുശേഷമുള്ള ആദ്യത്തെ ദുക്റാന തിരുനാളാണല്ലോ ഇത്. പ്രേഷിതപ്രവർത്തനമെന്നത് നമ്മുടെ വാക്കിലും പ്രവൃത്തിയിലും ഈശോയെ ലോകത്തിനു നൽകുന്ന ജീവിതശൈലിയാണ്. പ്രേഷിത പ്രവർത്തനങ്ങൾ എന്നതിനേക്കാൾ പ്രേഷിതജീവിതമാണ് പ്രാധാന്യമർഹിക്കുന്നത്. ഓരോ ക്രൈസ്തവനും മാമോദീസായിലൂടെ ലഭിക്കുന്ന ദൈവവിളിയാണ് ഈ പ്രേഷിതദൗത്യം. അതിനാൽ ഓരോരുത്തരും തങ്ങളുടെ ജീവിതത്തിലൂടെ മിശിഹായ്ക്കു സാക്ഷ്യം നൽകേണ്ടിയിരിക്കുന്നു. ഈ പ്രേഷിതദൗത്യത്തിന് ഓരോരുത്തർക്കും സ്വാഭാവികമായിത്തന്നെ വ്യത്യസ്ത രീതികൾ അവലംബിക്കേണ്ടിവരും. കുടുംബജീവിതക്കാരായ അല്മായരും ഏകസ്ഥജീവിതക്കാരും സമർപ്പിതരും വൈദികരും മെത്രാന്മാരും വിവിധ രീതികളിലാണ് പ്രേഷിതദൗത്യം നിർവഹിക്കുന്നത്. എല്ലാവർക്കും ഒരേ ഒരു ലക്ഷ്യമേയുള്ളൂ: തങ്ങളുടെ വിളി അനുസരിച്ച് സഭാത്മകജീവിതം നയിക്കുക. ഈ ഉത്തരവാദിത്വത്തിൽ എല്ലാ ക്രൈസ്തവരും തുല്യരാണ്. ശുശ്രൂഷാ രീതികളിൽ വൈവിധ്യം ഉണ്ടെന്ന് മാത്രം. ഈശോമിശിഹാ തന്റെ സഭയിൽ തുടരുന്ന പ്രേഷിതവേലയുടെ നിർവാഹകരാണ് നാമോരോരുത്തരും. എല്ലാ സഭാംഗങ്ങളുടെയും വ്യത്യസ്തമായ ശുശ്രൂഷകളിലൂടെ മിശിഹായുടെ ദൗത്യംതന്നെ നമ്മൾ തുടർന്നുകൊണ്ടിരിക്കുന്നു. അതിനാൽ, എല്ലാവരും ഈ ഒരേ ലക്ഷ്യത്തോടെ പ്രവർത്തിക്കുമ്പോഴാണ് സഭയുടെ സാക്ഷ്യം മിശിഹായുടെ സാക്ഷ്യമാകുന്നത്.

പ്രേഷിതദൗത്യ നിർവഹണത്തിൽ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ശൈലിയാണ് നമ്മൾ സ്വീകരിക്കേണ്ടത്. ആരും ആരുടെയും മേൽ അധികാരം ചെലുത്തുകയല്ല പ്രത്യുത, പരസ്പരം

ശുശ്രൂഷകരായി വർത്തിക്കുകയാണ് വേണ്ടത്. ഓരോരുത്തരുടെയും ശുശ്രൂഷകൾക്ക് ആവശ്യകമായ പിന്തുണ നൽകുവാനും പരസ്പര സഹകരണത്തോടെ പ്രവർത്തിക്കാനും എല്ലാവർക്കും കടമയുണ്ട്. ഈ വർഷത്തെ നോമ്പുകാല സന്ദേശത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ ഇപ്രകാരം പറയുന്നു: 'മിശിഹായുടെ പ്രതിനിധികളായി വാക്കിലും പ്രവൃത്തിയിലും അവിടുത്തെ സന്ദേശവും ജീവിതസാക്ഷ്യവും മറ്റുള്ളവർക്ക് നൽകുന്നവർ എന്ന അർത്ഥത്തിൽ ക്രൈസ്തവരെല്ലാവരും പ്രവാചകരാണ് '.

രണ്ടാമതായി, നമ്മുടെ ശ്രദ്ധ തിരിയേണ്ട വിഷയം കുടുംബ പ്രേഷിതത്വമാണ്. കുട്ടികളുടെ വിശ്വാസജീവിതപരിശീലനം ക്രൈസ്തവസാക്ഷ്യം നൽകാൻ എപ്രകാരം അവരെ ശക്തരാക്കും എന്ന കാഴ്ചപ്പാട് നമുക്കുണ്ടാകണം. മാതാപിതാക്കൾ, വിശ്വാസ പരിശീലകർ, വിശ്വാസ പരിശീലന ഡയറക്ടർമാർ, ഇടവക വികാരിമാർ, മെത്രാന്മാർ ഏവരും ഒന്നിച്ചു നിർവഹിക്കേണ്ട ദൗത്യമാണിത്. ധാർമ്മികജീവിതത്തിലെ വെല്ലുവിളികളെല്ലാം ക്രൈസ്തവ ജീവിതശൈലിക്ക് യോജിച്ച രീതിയിൽ നേരിടാൻ കുട്ടികൾ പരിശീലിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. കുട്ടികൾ വളർന്ന് വരുമ്പോൾ മാധ്യമങ്ങളുടെ, പ്രത്യേകിച്ച് ഇന്റർനെറ്റ് മാധ്യമങ്ങളുടെ ഉപയോഗം നല്ല രീതിയിൽ അഭ്യസിക്കാൻ വേണ്ട മാർഗ്ഗനിർദേശങ്ങളും നൽകണം. മറ്റേതൊരു രംഗത്തും എന്നതുപോലെ ഇവിടെയും വിലക്കുകളെക്കാൾ ക്രിയാത്മകമായ അഭ്യസനരീതികൾക്കാണ് പ്രാമുഖ്യം നൽകേണ്ടത്.

കുടുംബജീവിതത്തിന്റെ അടിസ്ഥാനം വിവാഹമെന്ന കൂദാശയാണ്. "ദൈവം നൽകുന്ന മക്കളെ സന്തോഷപൂർവ്വം സ്വീകരിക്കുന്നതിനും അവരെ വിശുദ്ധിയുടെ മാർഗ്ഗത്തിൽ നയിക്കുന്നതിനും അവിടുന്ന് നിങ്ങളെ സഹായിക്കട്ടെ" എന്ന വിവാഹ കർമ്മത്തിലെ ആശീർവാദപ്രാർത്ഥന ഈ കാലഘട്ടത്തിൽ നമ്മെ കൂടുതൽ ചിന്തിപ്പിക്കേണ്ടതാണ്. ഫ്രാൻസിസ് മാർപാപ്പ ഈയിടെ പുറപ്പെടുവിച്ച 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന അപ്പസ്തോലിക പ്രബോധനത്തിൽ വിശ്വാസജീവിതത്തെ വിശുദ്ധജീവിതമായിട്ടാണ് വിശേഷിപ്പിക്കുന്നത്. വിശുദ്ധി തന്നെയാണ് ക്രൈസ്തവജീവിതത്തിന്റെ സാക്ഷ്യവും. സ്നേഹജീവിതത്തിന്റെ പൂർണ്ണതയും. ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ 2011 ഏപ്രിൽ 13 ലെ ഒരു പ്രബോധനത്തിൽ 'വിശുദ്ധി എന്നത് സ്നേഹം ജീവിക്കുന്നതിന്റെ പൂർണ്ണത'യാണെന്ന് പറയുന്നുണ്ട്. ഫ്രാൻസിസ് പാപ്പായുടെ വീക്ഷണത്തിൽ, "വിശുദ്ധി നമ്മുടെ മിഷൻ അഥവാ ദൗത്യമാണ്". എല്ലാവർക്കും അവരവരുടെ രീതിയിൽ വിശുദ്ധജീവിതം നയിക്കാൻ സാധിക്കും (ആനന്ദിച്ച് ആഹ്ലാദിക്കുവിൻ No. 21). കൃഷി, മത്സ്യബന്ധനം, കാലി വളർത്തൽ, വ്യാപാരം, വ്യവസായം, ഉദ്യോഗം, രാഷ്ട്രീയം, രാജ്യഭരണം, സമൂഹോദ്ധാരണം, കല, സാഹിത്യം, മാധ്യമപ്രവർത്തനം, പരിസ്ഥിതിസംരക്ഷണം എന്നിങ്ങനെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഉള്ളവർ ദൈവസ്നേഹത്തെ മുൻനിർത്തി സ്വന്തം നന്മയ്ക്കും മറ്റുള്ളവരുടെ നന്മയ്ക്കുമായി പ്രവർത്തിക്കുമ്പോൾ അവർ വിശുദ്ധിയിൽ വളരുകയാണ്. സത്യം, നീതി. സ്നേഹം, കാരുണ്യം, ക്ഷമ, ദയ, സൗമ്യത, ആത്മസംയമനം മുതലായ പരിശുദ്ധാത്മ ദാനങ്ങളായിരിക്കണം എല്ലാ കാര്യങ്ങളിലും ശക്തി നൽകേണ്ടത്.

ജീവന്റെ മൂല്യം സംരക്ഷിക്കുവാൻ ഓരോരുത്തരും അതീവ നിഷ്ക്കർഷയോടെ പഠിക്കുകയും പഠിപ്പിക്കുകയും വേണം. പ്രായമായവരോടുള്ള ബഹുമാനവും അവർക്ക് നൽകേണ്ട സംരക്ഷണവും ക്രൈസ്തവധർമ്മമായി നാമോരോരുത്തരും ഏറ്റെടുക്കേണ്ടതുണ്ട്. ഗർഭച്ഛിദ്രവും ദയാവധവും

ജീവന്റെ മൂല്യത്തിന് എതിരായ പാപകൃത്യങ്ങളാണ്. ഈ അവബോധം മനുഷ്യമനസ്സുകളിൽ രൂഢമൂലമാകണം. കുട്ടികൾ പ്രായപൂർത്തിയെത്തിയാൽ വിവാഹത്തിനായി ഒരുങ്ങാനും നല്ല കുടുംബജീവിതം നയിക്കാനും വേണ്ട പരിശീലനം ലഭിക്കേണ്ടതുണ്ട്.

2018 ഒക്ടോബർ മാസത്തിൽ റോമിൽവച്ച് നടക്കുന്ന സിനഡിന്റെ വിഷയം യുവജനങ്ങളെക്കുറിച്ചാണല്ലോ. യുവജന പ്രേഷിതത്വത്തെ സജീവമാക്കാനും കാലാനുസൃതമാക്കാനും യുവജന സിനഡ് സഹായകരമായി തീരുമെന്ന് നമുക്ക് പ്രത്യാശിക്കാം. യുവജന പ്രേഷിതത്വത്തിനായി നമ്മുടെ രൂപതകളിലും മിഷൻ പ്രദേശങ്ങളിലും ധാരാളം പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. എങ്കിലും കാലഘട്ടത്തിന്റെ മാറ്റങ്ങൾ മനസ്സിലാക്കി യുവജനങ്ങളെ വിശ്വാസത്തിലും ധാർമ്മികതയിലും വളർത്തിയെടുക്കാൻ ഉതകുന്ന പരിശീലനരീതികളും കർമ്മപരിപാടികളും നമ്മൾ ഇനിയും ആവിഷ്കരിക്കേണ്ടിയിരിക്കുന്നു .

മൂന്നാമതായി, ഏവരുടെയും ശ്രദ്ധയ്ക്ക് വിഷയീഭവിപ്പിക്കുവാൻ ആഗ്രഹിക്കുന്നത് ക്രൈസ്തവ വിശ്വാസത്തെക്കുറിച്ചുള്ള ശരിയായ ദർശനമാണ്. ദൈവകൃപ അഥവാ ദൈവാത്മാവിന്റെ പ്രവർത്തനം ആണ് ഓരോ ക്രൈസ്തവനിലൂടെയും സംഭവിക്കേണ്ടത്. ദൈവാത്മാവിന് കാതോർക്കുന്നവനാണ് ക്രൈസ്തവൻ. വി. പൗലോസ് ശ്ലീഹ കോറിന്തോസിലെ സഭയ്ക്ക് എഴുതിയ ലേഖനത്തിൽ ഇപ്രകാരം പറയുന്നു: "എന്റെ വചനവും പ്രസംഗവും വിജ്ഞാനം കൊണ്ട് വശീകരിക്കുന്നതായിരുന്നില്ല. പ്രത്യുത, ആത്മാവിന്റെയും ശക്തിയുടെയും വെളിപ്പെടുത്തലായിരുന്നു. നിങ്ങളുടെ വിശ്വാസത്തിന്റെ അടിസ്ഥാനം മാനുഷികവിജ്ഞാനമാകാതെ, ദൈവശക്തിയാകാനായിരുന്നു അത്" (1 കോറിന്തോസ് 2: 4 – 5). ഈ ക്രൈസ്തവദർശനത്തിനു പകരം ആധുനികകാലത്ത് ഓരോരുത്തരും ജീവിതവിജയത്തെ തങ്ങളുടെ നേട്ടമായി കാണുന്ന ഒരു ചിന്താരീതിയും പ്രവർത്തനശൈലിയും വളർന്നു വരുന്നുണ്ട്. 'സമകാലിക ജ്ഞാനവാദം' എന്നാണ് ഫ്രാൻസിസ് പാപ്പ "ആനന്ദിച്ച് ആഹ്ലാദിക്കുവിൻ" എന്ന അപ്പസ്തോലിക പ്രബോധനത്തിൽ ഇതിനെ വിശേഷിപ്പിക്കുന്നത്. ഒന്നും രണ്ടും നൂറ്റാണ്ടുകളിൽതന്നെ തെറ്റായ പ്രബോധനമായി സഭാപിതാക്കന്മാർ ഈ വാദത്തെ നിരാകരിച്ചിട്ടുള്ളതാണ്. ഈ ചിന്താഗതിക്കെതിരെ സഭയുടെ ശരിയായ ആദ്ധ്യാത്മികവീക്ഷണം നാം മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടതുണ്ട്. സുവിശേഷത്തിന്റെ ദൈവശാസ്ത്രപരവും ധാർമ്മികവുമായ പ്രബോധനത്തെക്കുറിച്ച് വിചിന്തനം ചെയ്യുവാൻ ശരിയായ രീതിയിൽ യുക്തി ഉപയോഗിക്കേണ്ടതുണ്ട്. അതോടൊപ്പം യുക്തിക്കതീതമായ വിശ്വാസരഹസ്യങ്ങൾ നമ്മുടെ രക്ഷയ്ക്ക് ഉപകരിക്കുന്നതാകയാൽ അതിനെ നാം സ്വീകരിക്കുകയും വേണം. നമ്മുടെ ബുദ്ധിയുടെ പ്രവർത്തനം കൊണ്ട് മാത്രം വിശ്വാസത്തിന്റെ എല്ലാ രഹസ്യങ്ങളെയും അപഗ്രഥിക്കുവാനും മനസ്സിലാക്കുവാനും സാധിക്കുമെന്ന് കരുതുന്നത് വിശ്വാസത്തിന്റെ സ്വഭാവത്തിന് നിരക്കാത്തതാണ്. അപ്രകാരം ചെയ്യുന്നവർ ദൈവികരഹസ്യങ്ങളെ വിശ്വാസത്തിൽനിന്ന് വേർപെടുത്തുന്നു. അതുവഴി അവർ ക്രിസ്തുവില്ലാത്ത ഒരു ദൈവത്തിനും തിരുസ്സഭയില്ലാത്ത ഒരു ക്രിസ്തുവിനും ദൈവജനമില്ലാത്ത സഭയ്ക്കും മുൻഗണന നൽകുന്നു എന്ന് ഫ്രാൻസിസ് പാപ്പ പറയുന്നു (ആനന്ദിച്ച് ആഹ്ലാദിക്കുവിൻ No. 37).

സമീപകാലങ്ങളിലുണ്ടായ ഓഖി, നിപ്പ (Nipah) എന്നീ ദുരന്തങ്ങളെയും കാലവർഷകെടുതികളെയും നേരിടുവാൻ സഭാമക്കൾ കൂട്ടായ്മയോടെ ചെയ്ത പ്രവർത്തനങ്ങളെ നന്ദിയോടെ ഓർ

ക്കുവാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളട്ടെ. കുട്ടികളെയും സ്ത്രീകളെയും പീഡനങ്ങൾക്ക് വിധേയമാക്കുന്ന സാമൂഹിക പ്രവണതകൾക്കെതിരെ നാം ജാഗ്രത പാലിക്കേണ്ടതുണ്ട്. ഇവരുടെയും മറ്റു ദുർബല വിഭാഗങ്ങളുടെയും സംരക്ഷണം നമ്മുടെ കടമയാണ്. പ്ലാസ്റ്റിക്കിന്റെ ഉപയോഗം മൂലമുണ്ടാകുന്ന മലിനീകരണം ഇല്ലാതാക്കാനും നാം ശ്രദ്ധിക്കണം. കൃഷിക്ക് ഉപയുക്തമായ തരിശുഭൂമിയിലും തുറസ്സായ സ്ഥലങ്ങളിലും കൃഷിചെയ്യാനും മരങ്ങൾ നട്ടുപിടിപ്പിക്കാനും ഇടവക അടിസ്ഥാനത്തിൽ പരിശ്രമിക്കേണ്ടതുണ്ട്. പാവപ്പെട്ടവർക്ക് ഭവനം നിർമ്മിച്ചുകൊടുക്കുന്ന നമ്മുടെ ശുശ്രൂഷ ഇനിയും തുടരേണ്ടതാണ്. ഇപ്രകാരം ക്രിസ്തീയ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും വക്താക്കളും സാക്ഷികളും ആകുവാൻ നമുക്ക് പരിശ്രമിക്കാം. നമ്മുടെ സഭയിലെ പ്രവാസികൾക്കായി വിശിഷ്യാ, ഗൾഫ് നാടുകളിലെ സീറോ മലബാർ വിശ്വാസികൾക്കായി പ്രത്യേകം പ്രാർത്ഥിക്കാനും ഞാൻ നിങ്ങളെ അനുസ്മരിപ്പിക്കുന്നു.

ഈശോമിശിഹായാകുന്ന വഴിയും സത്യവും ജീവനും ഭാരതമക്കൾക്ക് സംഭാവന ചെയ്ത മാർതോമാശ്ലീഹായുടെ മാർഗ്ഗം അതിന്റെ ലാളിത്യത്തിലും പൂർണ്ണതയിലും നമ്മുടെ ജീവിതങ്ങളിൽ പ്രകാശിപ്പിക്കുവാൻ ദുക്റാന തിരുനാളിന്റെ ആഘോഷം നമുക്ക് പ്രചോദനമാകട്ടെ. ‘എന്റെ കർത്താവേ, എന്റെ ദൈവമേ’ എന്ന ശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം നമ്മുടെ ജീവിതത്തിലൂടെയും അന്വർത്ഥമാകട്ടെ. ഏവർക്കും ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ !

+കർദിനാൾ ജോർജ് ആലഞ്ചേരി
സീറോ മലബാർ സഭയുടെ മേജർ ആർച്ചു ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2018-ാം ആണ്ട് ജൂൺ മാസം 13-ാം തീയതി നല്കപ്പെട്ടത്.

NB: ഈ ഇടയലേഖനം 2018 ജൂലൈ ഒന്നാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.